## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം : T*411 — 20.10.2016 ലെ മറുപടിക്ക്

## ഗ്രന്ഥശാലകളെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോൺ ഫെർണാണ്ടസ് :<br>ശ്രീ. പുരുഷൻ കടലുണ്ടി :<br>ശ്രീ. റ്റി.വി.രാജേഷ് :<br>ശ്രീ. യു.ആർ.പ്രദീപ് : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഗ്രാന്റുകൾ പരിമിതപ്പെടുത്തിയും ധനസഹായം വെട്ടിക്കുറച്ചും ഗ്രന്ഥശാലകളെയും ഗ്രന്ഥശാലാ സംഘങ്ങളെയും മുൻസർക്കാരിന്റെ കാലത്ത് പ്രതിസന്ധിയിലാക്കിയിരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | **(എ)**<br>പരിശോധിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ള ഗ്രാന്റിൽ കഴിഞ്ഞ സാമ്പത്തിക വർഷം മുൻ സർക്കാർ നൽകാനുണ്ടായിരുന്ന കുടിശ്ശിക നൽകാൻ 2016-17 ലെ ബഡ്ജറ്റിൽ തുക വകയിരുത്തി. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ള പദ്ധതിയിതര ധനസഹായത്തിൽ 50 ശതമാനം വർധന നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതിയുണ്ടോ ; വിശദാംശം നൽകുമോ ;<br><br>(സി) ഗ്രന്ഥശാലകളുടെ ഭൗതിക സാങ്കേതിക സൗകര്യങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ ? | **(ബി) & (സി)**<br>സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ തുടങ്ങിയവയ്ക്കായി 10 കോടി രൂപ പുതിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ 1300 എ ഗ്രേഡ് ലൈബ്രറികൾ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നവീകരിക്കുവാൻ സംസ്ഥാനത്തെ എല്ലാ ലൈബ്രേറിയന്മാർക്കും പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തുടക്കം കുറിച്ചു. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ട് ബാലവേദി, വനിതാവേദി, മുതിർന്ന പൗരന്മാരുടെ ഗുരുസംഗമം, യുവജനങ്ങൾക്കായി യുവത തുടങ്ങിയ പദ്ധതികളോടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ജനകീയത ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

ജില്ലാ വികസന പദ്ധതികൾവഴി
ഗ്രന്ഥശാലകളുടെ ഭൗതിക സാഹചര്യങ്ങൾ
വർധിപ്പിയ്ക്കുന്നതിന് ഈ വർഷം മൂന്നുകോടി രൂപ
സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ബഡ്ജറ്റിൽ
വകകൊള്ളിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ